# ഗവൺമെന്റ് എൽ.പി സ്കൂൾ
# പുളിങ്കുന്ന്



# സമഗ്ര ഗുണമേന്മ വിദ്യാലയ
# വികസന രൂപരേഖ

## ആമുഖം

സാമൂഹ്യ വികസന പ്രക്രിയയുടെ അടിസ്ഥാന ഘട്ടങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം സുസ്ഥിര വികസനത്തിൽ അധിഷ്ടിതമായ ഒരു ജനാധിപത്യ സമൂഹ ത്തിന്റെ സൃഷ്ടിക്ക് അനുയോജ്യമായ അറിവും മനോഭാവവും നൈപുണ്യവും മൂല്യങ്ങളും ആർജിക്കുവാൻ വ്യക്തികളെ പ്രാപ്തമാക്കുക എന്നതാണ് വിദ്യാഭ്യാസ ത്തിലൂടെ ചെയ്യുന്നത്.

സാമൂഹ്യ നീതിയും , ധൈഷണിതയും ജനകിയ വിദ്യാഭ്യാസത്തിന്റെ സ്വഭാവ വിശേഷങ്ങളാണ് സാമൂഹ്യനീതി ഉറപ്പുവരുത്താവുന്നത് അയൽപക്ക സ്കൂളുകളി ലാണ്.

അവിടെ ജാതി, വർഗ്ഗം, സാമ്പത്തിക പദവി മുതലായ വ്യത്യാസങ്ങൾ ഇല്ലാ തെയാണ് വിദ്യാർത്ഥികൾ പ്രവേശനം നേടുന്നത് ആവിശ്യമായ യോഗ്യതയുള്ള വരും കുട്ടികളെ മനസ്സിലാക്കുവാൻ കഴിയുന്നവരുമായ അധ്യാപകർ അവരെ ഓരോ ഘട്ടത്തിലും സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ഈ അനുകൂല സാഹചര്യത്തിൽ നിന്നു കൊണ്ട് പുളിങ്കുന്ന് പഞ്ചായത്തിലെ വിദ്യാലയമുത്തശ്ശി. ഗവ.എൽ.പി സ്കൂൾ പുളിങ്കുന്നിനെ എല്ലാ അർത്ഥത്തിലും മിക വിന്റെ കേന്ദ്രമായി മാറ്റുന്നതിനുള്ള കർമ്മ പരിപാടിയാണ് സമഗ്ര ഗുണമേന്മ വിദ്യാ ലയ വികസന രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ മങ്കൊമ്പ് ഉപജില്ലയിൽ പെടുന്ന ഈ സ്കൂൾ പുളുങ്കുന്ന് പഞ്ചായത്തിൽ സെൻമേ രീസ് പള്ളിയുടെ സമീപം സ്ഥിതി ചെയ്യുന്നു.

## പ്രൊഫൈൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ.എൽ.പി സ്കൂൾ പുളിങ്കുന്ന് |
| ജില്ല | : | ആലപ്പുഴ |
| ഉപജില്ല | : | മങ്കൊമ്പ് |
| ബ്ലോക്ക് | : | വെളിയനാട് |
| വില്ലേജ് | : | പുളിങ്കുന്ന് |
| പഞ്ചായത്ത് | : | പുളിങ്കുന്ന് |
| വാർഡ് | : | 8 |
| ക്ലസ്റ്റർ | : | ഗവ. എൽ.പി സ്കൂൾ മങ്കൊമ്പ് |
| ഹെഡ്മിസ്ട്രസ്സ് | : | ശ്രീജ.ജി.നായർ |
| എസ്.എം.സി ചെയർമാൻ | : | സുഗതൻ. എ |
| വാർഡ് മെമ്പർ | : | തങ്കച്ചൻ വാഴച്ചിറ |
| സ്കൂൾ ലീഡർ | : | |

## അധ്യാപകർ

1)സോജൻ ലൂക്കോസ്

2)സുചിത്ര പി.എസ്

3)പി.ബി. മനു

4)പയസ് തോമസ്സ്

5)രമ്യമോൾ എ.ആർ

## അനധ്യാപകർ

1) വേണുഗോപാൽ

2)സിനി ആനന്ദൻ

# ചരിത്രം

1881–ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. സമീപസ്ഥലങ്ങളിൽ ഒന്നും സ്കൂളുകൾ ഇല്ലാതിരുന്ന കാലത്ത് ഒരു സർക്കാർ വിദ്യാലയം ആരംഭിക്കണമെന്ന് ഗവൺമെന്റിന്റെ ആവിശ്യ പ്രകാരം സ്കൂൾ പണിയുന്നതിനായി സെൻമേരീസ് ഫെറോന പള്ളിയുടെ പിന്നിലുള്ള പള്ളിവക സ്ഥലം സർക്കാരിന് വിട്ടുകൊടുക്കുക യാണ് ഉണ്ടായത്.

തുർന്ന് പള്ളിയും പള്ളിയുടെ കോമ്പൗണ്ടും വിപുലീകരിക്കുന്നതിന് വേണ്ടി പള്ളിയുടെ സമീപത്തുള്ള തോടിന്റെ അക്കരെ പള്ളിയുടെ തന്നെ 50സെന്റ് സ്ഥലം വിട്ടുകൊടുക്കുകയും അവിടെ ഇപ്പോൾ നിലവിലുള്ള സ്കൂൾ കെട്ടിടം പണികഴി ക്കുകയും ചെയ്തു.

# കുട്ടികളുടെ എണ്ണം

| Std | Boys | Girls | Total |
|---|---|---|---|
| Pre-Primary | 4 | 5 | 9 |
| I | 3 | 4 | 7 |
| II | 3 | 4 | 7 |
| III | 3 | 3 | 6 |
| IV | 2 | 4 | 6 |
| V | 3 | 3 | 6 |
| Total | | | |

ഈ വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്. സ്വന്തമായി സ്കൂൾ വാഹനവും മറ്റുമുള്ള സ്കൂളുകളിലേയ്ക്ക് കുട്ടികളെ കയറ്റി വിടാനാണ് പുതിയ തലമുറയിലെ രക്ഷിതാക്കൾക്കു താത്പര്യം. തങ്ങളും തങ്ങളുടെ പൂർവ്വികരും പഠിച്ചത്. നിലനിർത്തി പരിരക്ഷിക്കേണ്ടത് ആവിശ്യമെണെന്ന അഭിപ്രായക്കാരാണ് ഇവിടുത്തെ പൊതുസമൂഹം അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ വൻ ഫീസ് താങ്ങാനാവാതെ വിഷമിക്കുന്ന രക്ഷിതാക്കൾക്കും അവരുടെ കുട്ടികളെ ഈ വിദ്യാലയത്തിലേക്കയയ്ക്കാൻ താത്പര്യമുണ്ട്.

## അവസ്ഥാ വിശകലനം

ഒരു നൂറ്റാണ്ടിലേറെ പഴക്കമുള്ള കെട്ടിടമാണ് ഇപ്പോഴുള്ളത് അടുത്തൊന്നും സ്കൂൾ ഇല്ലാതിരുന്നതിനാൽ വളരെ അകലെയുള്ള പ്രദേശങ്ങളിൽ നിന്നുപോലും കുട്ടികൾ ഈ വിദ്യാലയത്തിലേയ്ക്ക് വന്നിരുന്നു. ഓരോ ക്ലാസ്സിലും മൂന്നു വീതം ഡിവിഷനുകൾ ഉണ്ടായിരുന്നതായി സ്കൂൾ രേഖകളിൽ നിന്ന് വ്യക്തമാകുന്നു പിൻക്കാലത്ത് നാല് ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകൾ ഈ സ്കൂളിന് സമീപം സ്ഥാപിതമായി. സർക്കാർ വിദ്യാലയത്തെക്കാൾ കെട്ടിലും മട്ടിലും ആകർഷകമായ പുതിയ സ്കൂളുകളിലേയ്ക്ക് കുട്ടികളെ ചേർക്കാൻ തുടങ്ങിയതോടെ ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം കുറഞ്ഞു തുടങ്ങി. കമ്പ്യൂട്ടർ ലാബ് സജ്ജമാക്കണം. മൾട്ടിമീഡിയ റൂം സജ്ജികരിക്കണം ഇടവേളകളിലും പ്രത്യേക സമയം അനുവദിച്ചും. കുട്ടികൾക്ക് സ്വാതന്ത്ര്യത്തോടെ ഈ സംവിധാനം പ്രയോജനപ്പെടുത്താൻ അവസരം ഉണ്ടാകണം.

# അടിസ്ഥാന സൗകര്യം

5 ക്ലാസ്സ് മുറികളും ഒരു ഓഫീസ് മുറിയും ഉൾപ്പെടുന്ന സ്കൂൾ കെട്ടിടത്തിൽ പ്രാഥമിക സൗകര്യങ്ങളെല്ലാമുണ്ട്. അതിൽ ഒരു ക്ലാസ്സ് മുറി രണ്ടായി തിരിച്ച് പ്രീപ്രൈമറി ക്ലാസ്സുകൾ നടത്തുന്നു. 2011-12 വർഷം പഞ്ചായത്ത് ഈ സ്കൂളിന്റെ ഭാഗികമായ അറ്റകുറ്റപ്പണികൾ നടത്തി. ഓഫീസ് മുറിയുടെയും സ്കൂൾ ഹാളിന്റെ പകുതി ഭാഗത്തിന്റെയും തറ ടൈൽ പാകി ഭംഗിയാക്കി. സ്കൂൾ മുറ്റം പകുതി തറയോട് നിരത്തി. സ്കൂൾ മേൽക്കൂരയുടെ മുഴുവൻ ഭാഗവും സീലിംഗ് ചെയ്തു. 2016-17 വർഷം സ്കൂൾ ഹാളിന്റെ ഭിത്തി മുഴുവൻ പഴയ കുമ്മായത്തേപ്പ് കളഞ്ഞ് പുതിയതായി തേച്ച് പെയിന്റടിച്ചു. സ്കൂൾ മുറ്റം മുഴുവൻ ഭാഗവും തറ യോട് ഇട്ടു. 2023-24 വർഷം സ്കൂളിൽ പഞ്ചായത്തിന്റെ സഹായത്തോടെ പുതിയ പാചകപുര നിർമ്മിച്ചു. 2023-24 വർഷം എസ്.എസ്.എ യുടെ സഹായത്തോടെ 80 മീറ്റർ ചുറ്റുമതിൽ നിർമ്മിച്ചു.2023-24 വർഷം സ്കൂൾ കെട്ടിടം മുഴുവൻ പെയിന്റ് ചെയ്യുകയും മുൻഭാഗം ചിത്രങ്ങൾ വരച്ച് ആകർഷകമാക്കുകയും ചെയ്തു.

# വികസന ലക്ഷ്യങ്ങളും മേഖലകളും

ഭൗതികവും അക്കാദമികവുമായ മികവിന് ഊന്നൽ നൽകുന്ന തരത്തിൽ ദീർഘ കാല വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുകയാണ് പ്രധാനം.

- കുട്ടികൾക്ക് പഠിക്കാൻ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ വിദ്യാലയം പുന:സൃഷ്ടിക്കുക സ്കൂളും പരിസരവും ആകർഷകമാക്കുക.
- കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എസ്.എം.സി യുടെ മേൽ നോട്ടത്തിൽ ഒരു പ്രീപ്രൈമറിക്ലാസ്സ്.
- സ്കൂളിലേയ്ക്ക് കുട്ടികൾക്ക് എത്താനുള്ള യാത്രാ സൗകര്യം മെച്ചപ്പെടുത്തുക.
- മെച്ചപ്പെട്ട ക്ലാസ്സ്മുറികൾ, കളിസ്ഥലം ഭക്ഷണ വിതരണത്തിനുള്ള ഡൈനിംഗ് ഹാൾ. ക്ലാസ്സ് മുറികളിൽ മെച്ചപ്പെട്ട ഫർണീച്ചറുകളും ഓഡിയോ വിഷൻ ഉപകരണങ്ങളും. മികച്ച ലൈബ്രറി,ഇന്റർനെറ്റ് സംവിധാനം.
- ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ വർധന, പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ എന്നീ പ്രവണതകൾ ശക്തമാണ്.
- സമീപ സ്ഥലങ്ങളിൽ പോയി കുട്ടികളുടെ സർവേ എടുക്കുകയും സ്കൂളുകളിലേയ്ക്ക് ചേരാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുക.
- പാഠ്യേതര പ്രവർത്തനങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
- എസ്.എം.സി യുടെ സഹായത്തോടെ സ്കൂളും പരിസരവും ആകർഷണീയമാക്കുക.
- പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം പോഷക സമൃദ്ധമാക്കുക.
- സാമൂഹ്യ പങ്കാളിത്തമുള്ള ഒരു നല്ല ശിശു സൗഹൃദ വിദ്യാലയമായി ഈ സ്കൂളിനെ ഉയർത്തുക.
- നിലവിലെ കുട്ടികളുടെ എണ്ണം 100ൽ എത്തിക്കുക.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- അവധിക്കാല പ്രവർത്തനങ്ങൾ
- പരിശീലനക്കളരികൾ(പഠനോപകരണ നിർമ്മാണം ഹിന്ദിപഠനം .........)
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം
- പ്രസംഗ പരിശീലനം
- അസംബ്ലി പരിപോഷിപ്പിക്കൽ
- ബ്ലോഗ് പ്രദർശനം
- കുട്ടികളുടെ പത്രം, മാഗസിനുകൾ,പതിപ്പുകൾ
- ബാലസഭ
- ലൈബ്രറി,ലാബ് പ്രവർത്തനങ്ങൾ
- ഗവേഷണ പ്രവർത്തനങ്ങൾ
- കലാ-കായിക പ്രവർത്തനങ്ങൾ
- സ്കൂൾ മോടിയാക്കൽ
- പൂന്തോട്ടനിർമ്മാണം,പച്ചക്കറിത്തോട്ട നിർമ്മാണം
- ശിശു സൗഹൃദ ഇരിപ്പിടങ്ങൾ
- കളി ഉപകരണങ്ങൾ
- ലൈബ്രറിക്ക് പ്രത്യേകമുറി
- പുസ്തകക്രമീകരണത്തിന് സൗകര്യം
- ലാപ്ടോപ്പ്,സ്കാനർ,പ്രോജക്ടർ
- ഇന്റർനെറ്റ് സംവിധാനം
- ഭക്ഷണശാല
- സ്മാർട്ട് ക്ലാസ്സ് റൂം
- ഗൃഹസന്ദർശനം
- കോർണർ പി.റ്റി.എ
- പ്രത്യേകദിനങ്ങളിൽ രക്ഷതാക്കളെ ആദരിക്കൽ.
- അമ്മ വായന
- പ്രദേശവാസികളുടെ കഴിവുകൾ പ്രയോജനപ്പെടുത്തൽ
- പൂർവ്വ വിദ്യാർത്ഥി സംഗമം.

## മുൻവർഷങ്ങളിൽ സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ

- 2023-24 വർഷം എസ്.എസ്.എ യുടെ സഹായത്തോടെ 80 മീറ്റർ ചുറ്റുമതിൽ നിർമ്മിച്ചു.
- 2023-24 വർഷം സ്കൂൾ കെട്ടിടം മുഴുവൻ പെയന്റ് ചെയ്യുകയും മുൻഭാഗം ചിത്രങ്ങൾ വരച്ച് ആകർഷകമാക്കുകയും ചെയ്തു.
- 2023-25 വർഷത്തിലെ തനതുപ്രവർത്തനമായ നെൽകൃഷി ''കെയ്ത്തുത്സവം'' എന്ന പേരിൽ നടത്തി. (പ്രകൃതിഒരുപാഠശാല)
- 2024-25 വർഷം പഞ്ചായത്തിന്റെ സഹായത്തോടെ മഴവെള്ളസംഭരണി നിർമ്മിച്ചു.
- 2024-25 വർഷം പഞ്ചായത്തിന്റെ സഹായത്തോടെ കുട്ടികൾ കൈ കഴുകുന്ന വെള്ളവും അടുക്കളയിലെ വെള്ളവും പോകുന്നതിനായി സോക്പിറ്റ് നിർമ്മിച്ചു.

# 2025-2026 അധ്യായന വർഷത്തിലെ പ്രവർത്തനങ്ങൾ

| 1 | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലാവധി | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | കൂട്ടവായന : ദിവസവും 1മണി മുതൽ 1.30 വരെ കുട്ടികളെ ഒന്നിച്ചിരുത്തി കൂട്ടിവായന നടത്തുന്നു. അധ്യാപകൻ കുട്ടികൾക്ക് വേണ്ടുന്ന പിന്തുണയും പ്രോത്സാഹനവും നൽകുന്നു | മലയാള ഭാഷ നന്നായി എഴുതുന്നതിനും വായിക്കുന്നതിനും | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ | | |
| 2 | ലൈബ്രറി ബുക്ക് വിതരണം: ആഴ്ചയിലെ എല്ലാ തിങ്കളാഴ്ചയും കുട്ടികൾക്ക് ലൈബ്രറി ബുക്ക് വിതരണം ചെയ്യുന്നു. വായനാക്കുറിപ്പ് എഴുതിക്കുന്നു | 25 ലൈബ്രറി ബുക്കുകൾ വായിച്ച് 25 വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു | ജൂൺ-മാർച്ച് | മനു. പി.ബി | | |
| 3 | പതിപ്പുകൾ:ഇംഗ്ലീഷ്, മലയാളം, പരിസരപഠനം ഗണിതം വിഷയങ്ങളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് 10 പതിപ്പുകൾ തയ്യാറാക്കുന്നു. | പാഠഭാഗം ലക്ഷ്യം വയ്ക്കുന്ന പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നു | ജൂൺ-മാർച്ച് | പയസ് തോമസ് | | |
| 4 | സർഗാത്മക ഡയറി:കുറഞ്ഞ ഴുത്ത് സചിത്ര ബുക്ക് എന്നിവയുടെ തുടർച്ചയായി 3,4,5 ക്ലാസുകളിലെ കുട്ടികളെ കൊണ്ട് ദിവസവും ഡയറി എഴുതിക്കുന്നു. | കുട്ടികളിലെ സർഗാത്മക രചനാ വൈഭവം വളർത്തുന്നു. എഴുത്തിലെ അക്ഷരപ്പിശക് മാറ്റുന്നതിന് | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ | | |
| 5 | ലഘു പരീക്ഷണങ്ങൾ:ആഴ്ചയിൽ അസംബ്ലിയിൽ ഒരു ലഘു പരീക്ഷണം അവതരിപ്പിക്കുന്നു. അതിന്റെ കുറിപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നു. | 50 ലഘുപരീക്ഷണങ്ങൾ പരിചയപ്പെടുന്നു. 50 ലഘു പരീക്ഷണക്കുറിപ്പിന്റെ കൈപുസ്തകം തയ്യാറാക്കുന്നു. | ജൂൺ-മാർച്ച് | മനു. പി.ബി<br>പയസ് തോമസ് | | |

| | | | | | | |
|---|---|---|---|---|---|---|
| 6 | പൊതു വിജ്ഞാനം:1000 ആഴ്ച യിൽ എല്ലാ തിങ്കളാഴ്ചയും 10 ജികെ വീതം നൽകുന്നു. മാസ ത്തിൽ ഒരു പരീക്ഷ നടത്തുന്നു. ദിനാചരണങ്ങളുമായി ബന്ധ പ്പെട്ട് 50 ചോദ്യോത്തരങ്ങളും നൽകുന്നു. | വർഷത്തിൽ 1000 പൊതുവിജ്ഞാനം നേടുന്നു | ജൂൺ-മാർച്ച് | പയസ് തോമസ് മനു. പി.ബി | | |
| 7 | പച്ചത്തുരുത്ത്:സ്കൂൾ വള പ്പിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് സ്കൂൾ പച്ചത്തു രുത്താക്കി മാറ്റുന്നു. സ്കൂളിൽ ഒരു വള്ളിക്കുടിൽ നിർമ്മിക്കുന്നു. | സ്കൂൾ ഹരിതാഭമാ ക്കുന്നതിന് | ജൂൺ-മാർച്ച് (അടുത്ത മൂന്നു വർഷം കൊണ്ട്) | ശ്രീജ ജിനായർ സുചിത്ര .പി സോജൻ ലൂക്കോസ് പി.റ്റി.എ | | |
| 8 | ഹെൽത്ത് ക്ലാബ്:ആഴ്ചയിൽ ഹെൽത്ത് ക്ലബിന്റെ നേതൃത്വ ത്തിൽ ശുചിത്വ പരിശോധന നട ത്തുന്നു. ആഴ്ചയിൽ ഒരു ആരോഗ്യ അസംബ്ലി നടത്തുന്നു. | കുട്ടികളിൽ വ്യക്തി ശുചിത്വവും നല്ല ജീവിത ശൈലിയും വളർത്തു ന്നു. | ജൂൺ-മാർച്ച് | രമ്യ | | |
| 9 | ചിരി ക്ലബ് : ആഴ്ചയിൽ അരമ ണിക്കൂർ ചിരി ക്ലബ്ബിന്റെ നേതൃ ത്വത്തിൽ അധ്യാപകരും കുട്ടി കളും ഒരുമിച്ചിരുന്ന് രസകരമായ തമാശകൾ.പറഞ്ഞ് സന്തോഷി ക്കുന്നു. | കുട്ടികളുമായി തുറന്ന് സംസാരിക്കുന്നു മാന സിക പിരിമുറുക്കം കുറയ്ക്കുന്നു. | ജൂൺ-മാർച്ച് | രമ്യ | | |
| 10 | പ്രകൃതിയോട് ഇണങ്ങി ചേരുന്ന തിനും പുല്ലിനെയും പൂമ്പാറ്റ യെയും അറിഞ്ഞ് ജീവിക്കുന്ന തിനും മനോഹരമായ പൂന്തോ ട്ടവും അടുക്കളതോട്ടവും. ജൈവവൈവിധ്യ ഉദ്യാനവും നിർമ്മിക്കുന്നു. | വിഷരഹിതമായ പച്ച ക്കറികൾ വീട്ടുവളപ്പിൽ തന്നെ ഉണ്ടാക്കി എടു ക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു | ജൂൺ-മാർച്ച് | സുചിത്ര പി | | |
| 11 | Each One Lauch One 3,4,5 ക്ലാസു കളിലെ പാഠഭാഗവുമായി ബന്ധ പ്പെട്ട Vocabulary കളിൽ തെരെ ഞ്ഞെടുത്ത 10 എണ്ണം എല്ലാ തിങ്ക ളാഴ്ചയും പഠിക്കുകയും ആ ആഴ്ചയിൽ ആ വാക്കുകൾ ഉപ യോഗിച്ച് പരമാവധി സെന്റെൻസു കൾ തയ്യാറാക്കാൻ പഠി ക്കുന്നു. | ഇംഗ്ലീഷ് ഭാഷാ അനാ യാസം കൈകാര്യം ചെയ്യുന്നതിന് | ജൂൺ-മാർച്ച് | പയസ് തോമസ് മനു. പി.ബി | | |

| | | | | | | |
|---|---|---|---|---|---|---|
| 12 | ജില്ലകളിലൂടെ :കേരള പിറവി ദിനത്തോടനുബന്ധിച്ച് കേരളത്തിലെ ജനങ്ങളുടെ പരമ്പരാഗത തൊഴിൽ,കലാ സാംസ്ക്കാരിക മേഖലകളുടെ ദൃശ്യാവിഷ്ക്കാരം സ്കൂളിൽ നടത്തുന്നു. | കേരളത്തിലെ പരമ്പരാഗത ജീവിത രീതികളെക്കുറിച്ചും. മലനാട് ഇടനാട് തീരപ്രദേശം എന്നീ ഭൂപ്രകൃതിയിലുള്ളവരുടെ ജീവിതത്തെക്കുറിച്ചും കുട്ടികളെ ബോധവാൻമാരാക്കുന്നു. | ഒക്ടോബർ 15 മുതൽ പ്രവർത്തനം ആരംഭിക്കുന്ന<br>നവംബർ 1 കേരള പിറവി ദിനത്തിൽ | മനു പി.ബി.<br>പി.റ്റി.എ<br>സോജൻ ലൂക്കോസ്<br>പയസ് തോമസ്സ്<br>രമ്യ<br>സുചിത്ര<br>HM | | |
| 13 | Echoes of Expression എന്ന പേരിൽ ഡയറി എഴുതുന്നു. ഭാഷയിലൂടെ കുട്ടികളുടെ ചിന്തകളുടെ പ്രതിഫലനം രേഖപ്പെടുത്തൽ. നവ്യമായ വാക്കുകൾ പരീക്ഷിക്കുക.<br>പുതിയ Vocabulary words ഉൾപ്പെടുത്തുന്നതിനായി Synonyms ,Idioms Phrasal verbs എന്നിവ പഠിക്കുക. | സഹജമായ എഴുത്ത് പരിശീലിക്കുക. ഭാവപ്രകടനം മെച്ചപ്പെടുത്തുക .ആശയങ്ങൾ എഴുതുന്നതിലൂടെ സംസാര ശൈലി കൂടുതൽ ഉറപ്പായി വരും | ജൂൺ-മാർച്ച് വരെ ആഴ്ചയിൽ 3 ഡയറി വീതം രചിക്കുന്നു. | | | |
| 14 | Vision To WORDS.<br>Vision to wordsഎന്ന പേരിൽ ചിത്രങ്ങൾ സംഭവ സന്ദർഭങ്ങൾ എന്നി വയുടെ ചിത്രവിവരണം തയ്യാറാക്കുന്നു | *ഭാഷാശൈലി*<br>വികസിപ്പിക്കുക. സൃഷ്ടിപരമായ അവതരണ ശൈലിയിൽഭാവനയാൽ സുജാതമായ വിവരണംവളർത്തുക, | ജൂൺ-മാർച്ച് | | | |
| 15 | ആരോഗ്യ വനം:ഔഷധത്തോട്ടം: ഔഷധ സസ്യങ്ങളുടെയും പ്രകൃതിദത്ത ചികിത്സകളുടെയും പ്രാധാന്യം മനസ്സിലാക്കുന്നതിനായി ഔഷധ സസ്യങ്ങളുടെ തോട്ടം തയ്യാറാക്കി പരിപാലിക്കുന്നു. | ശാസ്ത്രാത്മക ചിന്ത വികസിപ്പിക്കുക. നാട്ടിന്റെ ഔഷധ സസ്യപാരമ്പര്യത്തെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക പ്രകൃതിയെ അടുത്തറിയൽ | ജൂൺ-മാർച്ച് | | | |

| | | | | | | |
|---|---|---|---|---|---|---|
| 16 | ഭക്ഷ്യമേള പ്രദർശനം: പോഷകാഹാരവും ആരോഗ്യകരമായ ഭക്ഷണവും കുട്ടികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് നാടൻ ഭക്ഷണങ്ങളുടെയും പലഹാരങ്ങളുടെയും പ്രദർശനം നടത്തുന്നു. | ഭക്ഷ്യമേള പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം,ക്ലാസിലൊരു സദ്യ എന്നീ പ്രവർത്തനത്തിലൂടെ ആരോഗ്യകരമായ നാടൻ ഭക്ഷണത്തോട് താത്പര്യം വർദ്ധിപ്പിക്കുക. | വർഷത്തിൽ ഒന്ന് | | | |
| 17 | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. സർഗോത്സവം ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു. | | | | | |
| 18 | Documentry യിലൂടെ അറിവ് നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവധ വീഡിയോകൾ സംഘടിപ്പിച്ച് കുട്ടികൾ Background voice നൽകുന്നു. പ്രദർശിപ്പിക്കുന്നു | | | | |
| 19 | സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ സജ്ജമാക്കൽ | വായനാക്കൂട്ടം ചിത്രകഥകൾ ബാലമാസികകൾ എന്നിവ ഉപയോഗിച്ചുള്ള വായനയിലൂടെ വായനാശേഷി പരിപോഷിപ്പിക്കുന്നു (ഇംഗ്ലിഷ്,മലയാളം) | | | | |
| 20 | ഇംഗ്ലിഷ് മാഗസിൻ തയ്യാറാക്കൽ | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാഗസിൻ തയ്യാറാക്കുക | മൂന്നു മാസത്തിലൊരിക്കൽ (August November March) | class Teachers | Smc SRG | |

| | | | | | | |
|---|---|---|---|---|---|---|
| 21 | ഇംഗ്ലിഷ് ഫെസ്റ്റ് സംഘടിപ്പിക്കുക | സംഗീതം, നാടകങ്ങൾ, കഥാവ്യാഖ്യാനം സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവുകൾ മെച്ചപ്പെടുത്തുന്നു | വർഷത്തിൽ ഒന്ന് മാർച്ച് മാസം | Hm<br>class Teacher<br>Smc | SRG<br>Smc | |
| 22 | പസിലുകൾ,ഗണിതകേളികൾ, ഗണിത ക്വിസ് ,അക്കച്ചിത്രങ്ങൾ അബാക്കസ്,ബീഡ് കൗണ്ടർ കംമ്പ്യൂട്ടർ ഏണിയും പാമ്പും ഗെയിം ഉപയോഗിച്ച് 1,2 ക്ലാസുകളിലെ കുട്ടികൾക്ക് സംഖ്യാബോധം ഉറപ്പിക്കുന്നു. | 1 മുതൽ 100 വരെ സംഖ്യകൾ എഴുതാനും വായിക്കാനും സാധ്യമാക്കുക. സങ്കലന വ്യവകലന ക്രിയകൾ നന്നായി ഉറപ്പിക്കുക | ജൂൺ-മാർച്ച് വരെ | | | |
| 23 | ഗണിത ചുമർ തയ്യാറാക്കുക | ഗണിത ശേഷികളുടെ പ്രകടനം പ്രശ്നോത്തരി,പാറ്റേൺ പഠനോൽപന്നങ്ങൾ എന്നിവയുടെ പ്രദർശനം നടത്തുന്നതിന് | ജൂൺ-മാർച്ച് | | | |
| 24 | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണത്തിലൂടെ മടക്കുകൾ,ആകൃതികൾ ഉപയോഗിച്ച് തന്ത്രപരമായ ചിന്ത വളർത്തുന്നു | ഗണിത ബോധം ഭാഗങ്ങൾ, ആകൃതികൾ കോണുകൾ എന്നിവ മനസ്സിലാക്കാൻ സഹായിക്കുന്നു. | | | | |
| 25 | ഹരണ കഥകൾ,കണക്കിന്റെ പസിൽ,ഗുണന റോൾ പ്ലേ ഗ്രൂപ്പ് ചലഞ്ചുകൾ, ഗുണന ബിംഗോ. എന്നിവ ഉപയോഗിച്ച് ഗുണന ഹരണ വസ്തുതകൾ ഉറപ്പിക്കുന്നു. | ഗുണനഹരണ വസ്തുതകൾ ലളിതമായും വ്യക്തമായും മനസിലാക്കുന്നു | | | | |
| 26 | പഠന യാത്ര നടത്തുന്നു | പാഠപുസ്തകത്തിലെ ആശയങ്ങൾ നേരിട്ട് അനുഭവ വേദ്യമാക്കാൻ പഠനയാത്രകൾ സഹായിക്കുന്നു.പ്രായോഗിക പരിചയം ലഭിക്കുന്നു. | | | | |

| | | | | | | |
|---|---|---|---|---|---|---|
| 27 | പഠനോത്സവം നടത്തുന്നു | ഒരു വർഷം കൊണ്ട് നേടിയ പഠനനേട്ടങ്ങളെ സൃഷ്ടിപരമായി അവതരിപ്പിക്കുന്നു. | | | | |
| 28 | ജംഗിൾ സ്കൂൾ (meditation space and silent Reading Space ) | പ്രകൃതിയിലേക്കുള്ള സമീപനം കുട്ടികളുടെ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും സന്തോഷം, ആത്മവിശ്വാസം എന്നിവ വർദ്ധിപ്പിക്കുന്നു പരിസ്ഥിതി ബോധം നൽകുന്നു. പ്രകൃതിയുമായി നേരിട്ട് ഇടപഴകാൻ അവസരം | | | | |
| 29 | കുട്ടിവര പദ്ധതി : സ്ക്കൂൾ മതിലുകളിൽ കുട്ടികൾ ചിത്രം രചിക്കുന്നു | കുട്ടികൾക്ക് അവരുടെ സൃഷ്ടിപരമായ, കലാപരമായ കഴിവുകൾ ആത്മവിശ്വാസത്തോടെ വിനിമയം ചെയ്യാൻ സാധിക്കുന്നു. | | | | |
| 30 | " Little Fishers" എന്ന പേരിൽ സ്കൂളിൽ കുഞ്ഞു മത്സ്യകൃഷിയുടെ ഒരു പഠനശാല | പ്രായോഗിക പഠനം പരിസ്ഥിതിബോധം സാമൂഹിക സഹകരണം വാണിജ്യ ബോധം എന്നിവയിലുള്ള ധാരണ നൽകുന്നു. | | | | |

# പ്രവർത്തന കലണ്ടർ

| ജൂൺ | |
|---|---|
| മെയ് 25 | SRG |
| ജൂൺ 5 | പരിസ്ഥിതിദിനം(Online) |
| ജൂൺ 9 | പ്രവേശനോത്സവം |
| ജൂൺ 10 | ലഹരിവിരുദ്ധ ബോധവത്ക്കരണം |
| ജൂൺ 11 | ട്രാഫിക് നിയമങ്ങൾ ബോധവത്ക്കരണം |
| ജൂൺ 12 | ശുചിത്വ ബോധവത്ക്കരണം |
| ജൂൺ 13 | SRG , ആരോഗ്യകായിക വ്യായാമ ക്ലാസ്സ് |
| ജൂൺ 16 | ഡിജിറ്റൽ അച്ചടക്കം ക്ലാസ്സ് |
| ജൂൺ 17 | പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം ബോധവത്ക്കരണം |
| ജൂൺ 18 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| ജൂൺ 19 | വായനാദിനം |
| ജൂൺ 20 | യോഗാദിനം SRG |
| ജൂൺ 23 | കൂട്ടവായന സ്കൂൾ തല ഉദ്ഘാടനം |
| ജൂൺ 25 | വിദ്യാരംഗം കലാസാഹിത്യ വേദി ഉദ്ഘാടനം |
| ജൂൺ 26 | ലഹരി വിരുദ്ധദിനം, പി.റ്റി.എ ജനറൽ ബോഡി |
| ജൂൺ 27 | SRG |
| ജൂൺ 30 | യൂണിറ്റ് ടെസ്റ്റ്, ലൈബ്രറി ബുക്ക് വിതരണം |

| ജൂലൈ | |
|---|---|
| ജൂലൈ 1 | Health Club ഉദ്ഘാടനം |
| ജൂലൈ 3 | Vision to words പ്രവർത്തനം തുടങ്ങുന്നു |
| ജൂലൈ4 | ബഷീർ ദിനം |
| ജൂലൈ7 | ക്ലാസ് പി.റ്റി.എ |
| ജൂലൈ11 | ലോക ജനസംഖ്യാദിനം |
| ജൂലൈ17 | ഇലക്ഷൻ |
| ജൂലൈ21 | ചാന്ദ്രദിനം |
| ജൂലൈ28 | യൂണിറ്റ് ടെസ്റ്റ് |

| ആഗസ്റ്റ് | |
|---|---|
| ആഗസ്റ്റ് 1 | SRG |
| ആഗസ്റ്റ് 6 | ഹിരോഷിമ ദിനം |
| ആഗസ്റ്റ് 8 | ക്വിറ്റ് ഇന്ത്യ, നാഗസാക്കി ദിനം, SRG |
| ആഗസ്റ്റ് 14 | സ്വാതന്ത്ര്യദിനം രചനാ മത്സരം |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിനം |
| ആഗസ്റ്റ് 18 | അടുക്കള തോട്ടം ഉദ്ഘാടനം |
| ആഗസ്റ്റ് 22 | SRG, സ്കൂൾ തല ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയമേള |
| ആഗസ്റ്റ് 25 | ഔഷധ സസ്യ തോട്ടം ഉദ്ഘാടനം |
| ആഗസ്റ്റ് 26 | SRG |
| ആഗസ്റ്റ് 29 | കായിക ദിനം,ഓണാഘോഷം |

| സെപ്റ്റംബർ | |
|---|---|
| സെപ്റ്റംബർ 5 | അധ്യാപകദിനം(Online) |
| സെപ്റ്റംബർ 8 | SRG |
| സെപ്റ്റംബർ 9 | സ്കൂൾ  വളപ്പിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് പച്ചത്തുരുത്തിന് തുടക്കം കുറിക്കുന്നു. |
| സെപ്റ്റംബർ 15 | SRG,Class P.T.A |
| സെപ്റ്റംബർ 16 | ഓസോൺ ദിനം |
| സെപ്റ്റംബർ 17 | ശാസ്ത്രമേള പരിശീലനം |
| സെപ്റ്റംബർ 22 | SRG |
| സെപ്റ്റംബർ 26 | യൂണിറ്റ് ടെസ്റ്റ് |
| സെപ്റ്റംബർ 29 | SRG |

| ഒക്ടോബർ | |
| --- | --- |
| *ഒക്ടോബർ 3* | SRG: Little Fishers പദ്ധതി ഉദ്ഘാടനം |
| *ഒക്ടോബർ 6* | Class P.T.A |
| *ഒക്ടോബർ 10* | SRG |
| *ഒക്ടോബർ 16* | കലോത്സവ പരിശീലനം തുടങ്ങുന്നു |
| *ഒക്ടോബർ 21* | ഗണിത ചുമർ ഉദ്ഘാടനം |
| *ഒക്ടോബർ 24* | SRG |
| *ഒക്ടോബർ 30* | യൂണിറ്റ് ടെസ്റ്റ് |
| *ഒക്ടോബർ 31* | SRG, കേരളപ്പിറവി ദിനാചരണം |

| നവംബർ | |
|---|---|
| *നവംബർ 3* | Class P.T.A |
| *നവംബർ 4* | LSS പരിശീലനം |
| *നവംബർ 6* | ഭക്ഷ്യമേള പ്രദർശനം |
| *നവംബർ 12* | ഒറിഗാമി രൂപങ്ങളുടെ പ്രദർശനം |
| *നവംബർ 14* | ശിശുദിനം |
| *നവംബർ 24* | സർഗോത്സവം |
| *നവംബർ 28* | യൂണിറ്റ് ടെസ്റ്റ് |

| ഡിസംബർ | |
| --- | --- |
| *ഡിസംബർ 5* | SRG |
| *ഡിസംബർ 8* | English മാഗസിൻ ഉദ്ഘാടനം |
| *ഡിസംബർ 12* | SRG |
| *ഡിസംബർ 19* | SRG |
| *ഡിസംബർ 23* | ക്രിസ്തുമസ് ആഘോഷം |
| *ഡിസംബർ 28,29,30* | കുട്ടികളുടെ ഭവന സന്ദർശനം |

| ജനുവരി | |
|---|---|
| ജനുവരി 5 | Class P.T.A |
| ജനുവരി 9 | SRG കുട്ടിവര പദ്ധതി ഉദ്ഘാടനം |
| ജനുവരി 16 | SRG |
| ജനുവരി 20 | English Fest |
| ജനുവരി 23 | SRG |
| ജനുവരി 26 | Republic Day Programme |
| ജനുവരി 29 | യൂണിറ്റ് Test |
| ജനുവരി 30 | SRG, രക്തസാക്ഷി ദിനം |

| ഫെബ്രുവരി | |
|---|---|
| ഫെബ്രുവരി 2 | Class P.T.A |
| ഫെബ്രുവരി 6 | പഠനയാത്ര |
| ഫെബ്രുവരി 13 | പഠനോത്സവം |
| ഫെബ്രുവരി 20 | SRG, മാതൃഭാഷാദിനം |
| ഫെബ്രുവരി 26 | യൂണിറ്റ് Test |
| ഫെബ്രുവരി 27 | ശാസ്ത്രദിനം(ലഘുപരീക്ഷണങ്ങൾ) |

| മാർച്ച് | |
| --- | --- |
| മാർച്ച് 2 | Class P.T.A |
| മാർച്ച് 6 | സ്കൂൾ വാർഷികം |
| മാർച്ച് 13 | SRG |
| മാർച്ച് 20 | SRG |
| മാർച്ച് 27 | അഞ്ചാം ക്ലാസുകാർക്ക് യാത്രയയപ്പ് |
| മാർച്ച് 30 | അവധിക്കാല പഠന പ്രവർത്തനങ്ങളുടെ worksheet വിതരണം, Library book വിതരണം |

# ഉപസംഹാരം

ഒരു അക്കാദമിക മാസ്റ്റർപ്ലാൻ ഒരു സ്കൂളിന്റെ ശ്രദ്ധയും ദിശയും ഉറപ്പാക്കുന്ന ദിശാ സൂചിയാണ്. ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികളുടെ പഠന അനുഭവം സമൃദ്ധമാക്കുവാനും അവരുടെ ശാസ്ത്രീയതയും സൃഷ്ടി പരതയും വളർത്തുവാനും ലക്ഷ്യമിടുന്നു.

ഇതിന്റെ പ്രധാന ഭാഗങ്ങൾ വിഷയാവിഷ്ക്കാരത്തിന്റെ ഗുണമേന്മ, സഹപ്രവർത്തനം പ്രായോഗിക പഠനം, പാഠപദ്ധതിയുടെ വ്യവസ്ഥിതമായ മുന്നേറ്റം എന്നിവക്കൊപ്പം, ഒരു വ്യക്തിഗതവും കേന്ദ്രീകരിക്കപ്പെട്ടവയുമായ പഠന രീതി വിദ്യാർത്ഥികൾക്ക് കൃത്യമായ താല്പര്യവളർച്ച ഉറപ്പാക്കും

മാസ്റ്റർ പ്ലാനിലൂടെ വിദ്യാർത്ഥികൾക്ക് അവസരങ്ങളാൽ സമ്പന്നമായ ഒരു പരിസ്ഥിതിനൽകുന്നു. അവരിലുള്ള ചിന്തനവും പരീക്ഷണങ്ങളും സംവേദനങ്ങളും പരിപോഷിപ്പിക്കുന്നതിനും പഠനനേട്ടങ്ങൾ കൈവരിക്കുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ വിദ്യാർത്ഥികൾക്ക് വ്യക്തിഗത വളർച്ച ലക്ഷ്യമിടുന്നു.

ഈ രീതിയിൽ ഈ മാസ്റ്റർ പ്ലാൻ ഗവഃഎൽ.പി സ്കൂളിന്റെ ആത്മാവും ദിശയും നിർണയിക്കുന്ന ഒരു വിജയകരമായ പദ്ധതിയാണ്.